# E-മലർ


## ഡിജിറ്റൽ മാഗസിൻ



**ലിറ്റിൽ കൈറ്റ്സ്**

**ജി വി എച്ച് എസ്സ് എസ്സ് കതിരൂര്**

# ആശംസ



(ഹെഡ്മിസ്ട്രസ്, ജി.വി.എച്ച്.എസ്സ്.എസ്സ് കതിരൂർ)

*ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന **'E-മലർ'** എന്ന ഡിജിറ്റൽ മാഗസിൻ ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്ക്കൂൾ കതിരൂരിന്റെ ചരിത്രത്തിലെ നാഴികക്കല്ല് ആവുമെന്നതിന് സംശയം ഏതും ഇല്ല. ഈ നൂതന സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.*

ഹെഡ്മിസ്ട്രസ്

ജി.വി.എച്ച്.എസ്സ്.എസ്സ് കതിരൂർ

# ആമുഖം

*പുതുമയെ രൂപപ്പെടുത്തുന്ന കഴിവാണ് പ്രതിഭ. മനുഷ്യരാവട്ടെ എന്നും പുതുമയെ പുല്കുന്നവരുമാണ്. വിവര വിനിമയ സാങ്കേതിക വിദ്യയുടെ സാങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്ക് വഹിക്കാൻ ആവും എന്ന ബോധ്യത്തിൽ നിന്ന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ രൂപപ്പെടുത്തുന്നതാണ് ഈ ഡിജിറ്റൽ മാഗസിൻ.*

*സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതാകണം സമഗ്ര വിദ്യാഭ്യാസം. സമൂഹത്തിൽ തകർത്ത് വാഴുന്ന അഴിമതയുടെയും അന്യായങ്ങളുടെയും നേർക്ക്, വിഭാഗീയ ചിന്തകളുടെ ഇരുണ്ട മേഘങ്ങൾ വന്ന് നിറയുന്ന സമൂഹത്തിലേക്ക് ഒരുമയുടെ വെളിച്ചം നൽകുന്ന ഈ നൂതന സംരംഭം. സാങ്കേതിക വിദ്യയിൽ പുതുതലമുറ വളരെ ദൂരം സഞ്ചരിച്ചു എന്നതിന്റെ ദൃഷ്ടാന്തം ആണ്. കൈഎഴുത്ത് മാസികയിൽ നിന്നും വ്യതിചലിച്ച് വാക്കുകളിലും വരികളിലും ആയി ഒളിപ്പിച്ചുവച്ച സർഗാത്മകത ഡിജിറ്റൽ രൂപം കൈവരിക്കുകയാണ്. മധുരം ഉള്ള വാക്കുകൾ കൊണ്ട് മാന്ത്രികമായ കഴിവുകളിലൂടെ പുതിയതിനെ സൃഷ്ടിക്കാനുള്ള ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഈ ശ്രമം പുതുമയുടെ പാതയിലെ നാഴിക കല്ല് ആയിരിക്കും. കാലഘട്ടത്തിന്റെ നിയോഗം പോലെ പുത്തൻ സാങ്കേതികവിദ്യയിൽ നിന്നും ഊർജ്ജം ഉൾകൊണ്ട ഞങ്ങളുടെ ഈ സംരംഭം ഒരു ഓർമപ്പെടുത്തലാണ്. പുതിയ കാലത്തിന്റെ കൈയൊപ്പാണ്.*

*എഡിറ്റർ*

# എഡിറ്റോറിയൽ ബോർഡ്

1. സഫിയ ബിന്ദ് ഫൈസൽ

2. ലിസാൻ അമ്റിൻ

3. ഘനശ്യാം

4. ചന്ദന കെ

5.തജ് ലീന

6. അനസൂയ

7.പ്രജോഷ് എ കെ(കൈറ്റ് മാസ്റ്റർ)

8.ഷാലി ആർ(കൈറ്റ് മിസ്ട്രസ്)

9.രചന(ടീച്ചർ)

# Table of Contents

ആമുഖം....3
....5
പ്രഭാതകിരണം....7
അച്ഛൻ....8
ദൈവ ദൂതൻ....9
യാത്രാമൊഴി....10
മധുരമാം ബാല്യം....11
ജലം ജീവാമൃതം....12
കാലം....13
എന്റെ മഴ....14
നല്ല കൂട്ടുകാർ....15
ഒരമ്മക്കായി....16
താൻ കുഴിച്ച കുഴിയിൽ....19
മഹത്‌വചനങ്ങൾ....20
ഇന്നു ഞാൻ....21
മാറുന്ന കേരളം....22
വൈക്കം മുഹമ്മദ് ബഷീർ....23
കടങ്കഥകൾ....24
ആദ്യത്തെ രണ്ടക്ഷരം....25
വീണ്ടുമൊരു പരിസ്ഥിതിദിനം....26
ഭൂമി....27
എം.ടി.വാസുദേവൻ നായർ....28
ആമ്പൽപൂവ്....29
പഴമൊഴികൾ....30
ഉദ്ധരണികൾ....31
ഇളം കാറ്റേ എങ്ങോട്ട്....32
നഷ്ടബോധം....33
കുമാരനാശാൻ (1873-1924)....34
മഴവില്ല്....35
സ്വപ്നനിലാവ്....36
ഭാഷയും വായനയും....37
ക്വിസ്....38
എം.ടി.വാസുദേവൻ നായർ....39
വായന....40
മനം പൂത്തുലഞ്ഞപ്പോൾ....41

ജി ശങ്കരരക്കുറുപ്പ്....42
വായിച്ചു വളരുക....43
കടംകവിതകൾ....44
ഉത്തരം പറയാമോ....45
ഭൂമി....46
എന്നെന്നും കണ്ണേട്ടന്റെ നന്ദൂട്ടി....47
ക്വിസ്....49

# പ്രഭാതകിരണം

വിശ്വം ദീപ്തമായമാക്കിടുവാൻ
ദീപവുമായി വന്നുദിച്ച സൂര്യൻ
സർവ ചരാചരങ്ങൾക്കു ദീപമേകാൻ
മണ്ണിലേക്കെത്തി കതിർകണങ്ങൾ
സൂര്യന്റെവെട്ടം കണ്ടുകണ്ടങ്ങ്
കാക്കക്കുറുമ്പിയുമെത്തി
പുതിയ പുലരിയെ വരവേൽക്കുവാൻ
സർവ്വചരങ്ങൾ ഉണർന്നു നിന്നു
എൻമലർവാടിയിലുള്ള മൊട്ടും
മെല്ലെതലയുയർത്തി നിന്നു
പൂന്തേൻ നുകരുവാൻ എത്തി വീണ്ടും
പനിനീർ പൂവിന് ഭംഗിലാഴ്ന്നിറങ്ങി.
ഒരു ദിനം സൂര്യനുദിച്ചില്ലെങ്കിൽ
ഈ ദൃശ്യം കാണുവതെങ്ങനെ  നാം?
പുലർച്ചെയ്ക്കെഴുന്നേറ്റ സൂര്യനെ നാം
സാന്ത്യയാവോളവും കണ്ടിടുന്നു
പോയൊന്നുറങ്ങീടും സഹോദരി നീ
നാളെ പുലർച്ചെയ്ക്ക് കാണുവാനായി ......

# അച്ഛന്

അച്ഛനെന്നെ പിരിഞ്ഞുപോയി അങ്ങകലെ
അമ്മ പകർന്ന പൂക്കളിൽ
കണ്ടു ഞാനെച്ഛനെ.....
അങ്ങ് ദൂരെ മായുന്ന നിമിഷം
മാടി വിളിച്ചു എന്നെ
ഞാനറിയാതെ വിളിച്ചുപോയി...
അച്ഛാ എന്നൊരു വാക്ക്
അച്ഛാ എന്നൊരു വാക്ക്
ഒടുവിനൊന്ന് ഞെട്ടിയുണർന്നപ്പോൾ
ചുവരിലെ അച്ഛൻ പുഞ്ചിരിക്കുന്നു......

വിശ്രുത വി.ടി

# ദൈവ ദൂതൻ

ആ രാത്രി എനിക്ക് മറക്കാൻ കഴിയാത്തതായിരുന്നു. ആ കറുത്ത രാത്രിയെ ഞാൻ ഇന്നും ഭയാകുന്നു. മഴയുടെ ആരവം കാരണം എന്റെ കരച്ചിൽ ആരുംകേട്ടില്ല. മഴത്തുള്ളികൾ എന്റെ കണ്ണുനീർ തുടച്ചുമാറ്റി ഇരുട്ടിന്റെ ഭയാനതയിൽ ഒരു ഭ്രാന്തിയെ പോലെ ഞാൻ ആ നിരത്തിൽ കൂടി അലനഞ്ഞു. ഇരുട്ടത് മറഞ്ഞു നിൽകുന്ന ഒരു യുവാവിനെ ഞാൻ കണ്ടു. അയാൾ എന്നിലടുക്കുംതോറും എന്റെ ഭയം കൂടി വന്നു. എന്നാൽ അയാളുടെ ചോദ്യങ്ങൾ എന്റെ ഭയത്തെ ഇല്ലാതാക്കി. അയാളോട് ഞാൻ പറഞ്ഞു എന്റെ പേര് ഡയാന എന്നാണ്. എന്റെ അച്ഛനും അമ്മയും ഡയാന ഹോസ്പിറ്റലിലെ ഡോക്ടർ ആണ്. ഞാനും എന്റെ അമ്മയും അച്ഛനുമായി ഹോട്ടലിൽ ഭക്ഷണം കഴിക്കാൻ പോയപ്പോൾ അവരിൽനിന്നും വേർപിട്ടുപോയി. ഇപ്പോൾ അവർ എന്നെ കാണാതെ വിഷമിക്കുന്നുണ്ടാവും. മകളെ നിന്നെ ഞാൻ നിന്റെ മാതാപിതാക്കളുടെ അരികിൽ എത്തിക്കാം. അതും പറഞ്ഞു ആ നല്ല മനസ്സിനുടമ മാതാപിതാക്കളുടെ അരികില്ലെത്തിച്ചു. അന്ന് എന്റെ അടുത്ത എത്തിയ ആൾ ഒരു ദൈവദൂദനായിരുന്നു .

# യാത്രാമൊഴി...

പച്ചപുതപ്പിൻ കോടിയണിഞ്ഞ
മലനിരകൾ പാടുന്ന ഗീതം
ഹാർദമാം സ്വാഗതം എൻ
ചാരെ വന്നു ചേരു എന്നും
വിടരും പുഷ്പം തൻ ഗന്ധം
എൻ ഹൃത്തിൽ ചേർന്നു
ഉഷസിന്റെ ചുവപ്പ് പടരുന്ന
വെൺനീലാകാശം തൻഭംഗി
കിളികൾ മീട്ടുന്ന ലോലമാംതാളം
കാട്ടരുവിതൻ കുത്തൊഴുക്കിന്റെ
ചാരത്തിരുന്നാൽ മതിവരില്ലയോ
എത്ര എത്ര യാത്രകൾ കീഴടക്കി
എന്നാൽ ഈ വനം നിറയ്ക്കുന്നു
മുളങ്കാട്ടിലെ മുളതൻ ലോലമാം
പുഞ്ചിരി കാടിന്റെ ആർദ്രമാം സ്വാഗതം
ഉഷസിൻ പച്ചപ്പിൽ മൂടൽമഞ്ഞിൽ
കുളിർമയിൽ കാടിന്റെ സ്വാഗതഗാനം
എന്നാൽ ഇന്ന് വനദേവതയുടെ
രൂക്ഷമാം രോദനം എങ്ങും
പറഞ്ഞിടുവാൻ ആരുമില്ലാതെ
രക്ഷകനില്ലാതെ രോദനം മാത്രം
കാടിന്റെ മക്കൾ തൻ മൃത്യു
അഴിതുടങ്ങി
കേരളീയർക്ക് കാടും ഉപകാരം
എന്നാൽ ഇതു നാശം
മറന്നുവോ ആ പുഴയുടെ നിറവ്
ഒരുനാൾ പൂത്തുലഞ്ഞ
തേന്മാവിൻ ഇരുളറ്റ ഓർമ്മകൾ
മാഞ്ഞുപോയ ആ രാവുകൾ
ഞാനോർത്തുനിന്നനേരം
തൊണ്ടതൻ നാദം വരണ്ട കിളിയുടെ
രൂക്ഷമാം രോദനം മാത്രം
തീ ജ്വാലകൾ എന്നെ അടർത്തുന്നുവോ
ഞാൻ പറഞ്ഞു കണ്ണീരോടെ എൻ യാത്രാമൊഴി...

# മധുരമാം ബാല്യം

അമ്മതൻ അമ്മിഞ്ഞപ്പാൽ നുകർന്നും
അച്ഛൻതൻ സ്നേഹം ഏറ്റുവാങ്ങിയും
എന്നിലിന്നും നിറയുന്നൊരാ കാലം
സ്നേഹമാം കൈകളിൽ സാന്ത്വനമായ്
എന്നെയിന്നും തലോടുന്നൊരാ കാലം
ജീവിതമാം പാതയിൽ
എന്നിൽ നിന്നെങ്ങോ അകന്നൊരാ കാലം
അക്ഷരങ്ങളിൽ വെളിച്ചമായ് സാന്ത്വനമായ്
വിദ്യയാം ചെപ്പിലേറിയ കാലം
നിഴലായി നിലാവായി എന്നിലിന്നും
തെളിയുന്നൊരാ കാലം
മനസിന്റെ താളുകൾ മറിയുമ്പോൾ
അറിയാതെയെന്നോ ഓർത്തുപോയി
എങ്ങോ കൊഴിഞ്ഞുപോയൊരാ കാലം
മനസാം തന്ത്രിയിൽ മീട്ടിയാ
പൂവായ് വിടർന്നൊരെന്റെ കൂട്ടുകാർ
ഒരു ചെറുകാറ്റായ് എന്നെ തലോടി
മധുരമാം സുന്ദരമാം ബാല്യകാലം

അശ്വിനി.സി

# ജലം ജീവാമൃതം

ഭൂമി മാതാവിന്റെ നെറുകയിൽ നാം സുരക്ഷിതത്വത്തിന്റെ കവാടത്തിൽ കഴിയുകയാണ് . മാതാവ് നമുക്ക കനിഞ്ഞു നൽകിയ സർവ്വതും ,ജലം, വായു, സസ്യലതാദികൾ അങ്ങനെ എല്ലാം തന്നെ നമുക്ക് നിത്യവും ഉപയോഗിക്കപ്പെടുന്നവയാണ് . മനുഷ്യനെന്ന നിലയിൽ നമുക്ക് വായുവിനെയും ,മണ്ണിനെയും ഒഴിച്ചുകൂടാനാവാത്തതുപോലെ തന്നെ പ്രധാനമാണ് ജലവും .അതേ നമ്മുടെ ജീവന്റെ ആധാരം അങ്ങനെ തന്നെ പറയുന്നതാവും ശരി .

നിത്യവും നാം എത്രമാത്രം ജലമാണ് ഉപയോഗ്യശൂന്യമാക്കുന്നതെന്ന് ചിന്തിച്ചിട്ടുണ്ടോ? വേനലിലെ കൊടുംവരൾച്ചയിൽ അലയുമ്പോഴും അതു നാം ഓർക്കാറേയില്ല എന്നതാണ് സത്യം. മഴവെള്ളം ഭൂമിയിലേക്ക് വരാൻ അനുവദിക്കാത്ത പലരീതികളും നാം തന്നെ കൈക്കൊണ്ടിരിക്കുന്നു. മാത്രമല്ല കുളവും കിണറും മൂടി കെട്ടിടം നിർമ്മിക്കുകയും ചെയ്യുന്നതും മറ്റൊരു പ്രധാന പ്രതിസന്ധിതന്നെ . വീടുകളിൽ തുടങ്ങി സമൂഹത്തിലേക്ക് ജലസംരക്ഷണ ബോധം വളരണം. എങ്കിൽ മാത്രമേ ഈ പ്രതിസന്ധിയെ തരണം ചെയ്യുവാൻ കഴിയുകയുള്ളു.നമുക്ക് മഴവെള്ള സംഭരണികൾ നിർമിക്കാം, ഒപ്പം കുളങ്ങൾ, ജലാശയങ്ങൾ എന്നിവ സംരക്ഷിക്കാം.നമ്മുടെ നദികളേയും പ്രകൃതിയെയും ഭാവി തലമുറകൾക്കുവേണ്ടി നാം തന്നെ സംരക്ഷിക്കേണ്ടതാണ് . ഒഴുക്ക് തടസ്സപ്പെട്ട തോടുകളും നദികളുമൊക്കെയായി ദൈവത്തിന്റെ സ്വന്തം നാട് ഇന്നും മായാതെ മുഖമുദ്രയിൽ സ്ഥാനം പിടിച്ചിരിക്കുകയാണ്. ജലസമൃദ്ധമായ നാടിന് ജലപൂരിത നാടായി മാറിയതിൽ അശ്ലേഷം സംശയം വേണ്ട.നാം മനുഷ്യരുടെ പ്രവൃത്തികളാണ് ഇതെല്ലാം നശിപ്പിക്കുന്നത്. ഒരു ദിനം ചിന്തിക്കു ജലം അമൃതമാണ്, അമൂല്യമാണ് . നമ്മുടെ ദൗത്യമിനി ജലസംരക്ഷണമാകട്ടെ , ജലസമൃതിക്കുള്ളതാകട്ടെ .....

# കാലം

പായുന്നതെങ്ങോ നാം
മായുന്നതെന്തോയിത്
വാർദ്ധക്യമോ അന്ത്യം
കാലമോ യന്ത്രം.
ജനിക്കുന്നവൻ മരിക്കുന്നു നാളിൽ
വിടരുന്ന പൂവും പൊഴിയുന്നു കാറ്റിൽ
വിരിയുന്ന ചിരിയും മറയുന്നു വഴിയിൽ
ഓടുന്ന വണ്ടിയാവുന്നു കാലം.
നൽകുന്നു കാലം, ആനന്ദസ്പർശം
നൽകുന്നു കാലം ദുഃഖത്തിൻ ഗന്ധം
നശിക്കുന്നു ചിന്തകൾ, കാലമോ ഓടുന്നു
ഓടുന്നു കാലം പിന്നെയും വേഗം.
കാലമോ അധിപനില്ലാത്ത യന്ത്രം
കാലമോ നിത്യമകലുന്ന തേര്
കാലമോ കാത്തുനിൽക്കില്ല നമ്മെ
കാലമോ യാത്ര തുടരുന്നു വീണ്ടും.
പായുന്നതെങ്ങോ നാം
മായുന്നതെന്തോയിത്
വാർദ്ധക്യമോ അന്ത്യം
കാലമോ യന്ത്രം.

അഞ്ജു.എം

# എന്റെ മഴ

ചിങ്ങ ചിണങ്ങി എന്നൊരത്തിൽ ചാഞ്ചാടും
പാതിരാ മഴ നീയൊന്നു ചൊല്ല്
ചിരിച്ചും കരഞ്ഞും എന്നാത്മാവിൻ നീന്തിടും
പുളകിതരാമഴയെ നീ ഒന്ന് ചൊല്ല്

പാതകൾ തിങ്ങും ദൂരത്തെ നീ
പൊഴിയുവാൻ എന്നും എന്ന മോഹമത്രെ

കുടിച്ചു തികച്ചു  എന്ന അരിക്കതു  വന്നീടും
പാതിരാ കാറ്റേ നീ ഒന്ന് ചൊല്ല്
തഴുകി തലോടി എന്നുള്ളതിൽ നീന്തിടും
തരുണിയാം കാറ്റേ നീ യൊന്നു ചൊല്ല്

ഈ മഴക്കാലം ചൊരിഞ്ഞീടുമീ
കുസുര്തികളെന്നും എന്റെ മോഹത്ത്ദ്രം

പറയുവാൻ ഇനിയും ഒരുപാട് കാര്യങ്ങൾ
പാതിയാക്കി നീ മടങ്ങുന്നതെന്ന് ?
പാതിയാക്കി നീ മടങ്ങുന്നതെങ്  ?

# നല്ല കൂട്ടുകാർ

പിരിയുവാൻ എൻമനം അനുവദിച്ചു
അകലുവാൻ ഞാനും സമ്മതിച്ചു.
ഇനിയെന്ന് കാണുമെൻ പ്രിയതോഴരേ...
അകന്നീടുമോ നാം പരസ്പരം
കഴിയില്ലീ ജന്മം മറക്കുവാൻ നിങ്ങളെ
മറന്നാൽ ഞാനുണ്ടാകുമോ പാരിൽ
ഓർമതൻ തോപ്പിൽ അക്ഷരക്കൂട്ടിൽ
ഒളിപ്പിച്ചുവച്ച മയിൽപീലിപോലെ
ഇനിയെന്നും വേണമീ കൂട്ട്
സ്നേഹത്തിൻ താഴിട്ട കൂട്ട്
സിസിര.എം.എം.

# ഒരമ്മക്കായി...

കണിക്കൊന്നകൾ പൂത്തുലഞ്ഞു നിൽക്കുന്ന ആ മേടമാസത്തിന്റെ താഴ്‌വരയിൽ എവിടെ നിന്നോ ഒരു വിഷു പുലരിയുടെ കാറ്റു വീശുന്നു. നാട്ടുപാതയിൽ പരവതാനി പോലെ ചിതറിക്കിടക്കുന്ന കൊന്നപൂവുകൾ, വിജനമായ ആ പാതയിൽ തണലേകുന്ന കൊന്നമരം ഏവരേയും സ്വാഗതം ചെയ്യുന്നത് സ്നേഹം കൊണ്ട് പണിത ആ കൊച്ചു വീട്ടിലേക്കാണ്. സായാഹ്നത്തിൽ വിഷു തിരക്കുകൾ നിറഞ്ഞുനിൽക്കുന്ന ആ വീട്ടിൽ നിന്ന് മൂന്നുമാസം പ്രായമുള്ള ഒരു കുഞ്ഞുവാവ വിതുമ്പി, വിത ുമ്പി കരയുന്നു.കാതിൽ കമ്മലും, കാലിൽ കൊലുസുമണിഞ്ഞ് നടക്കേണ്ട ഒരു പെൺവാവയായിരുന്നു അത്. അവൾ അച്ഛന്റേയും അമ്മയുടേയും സ്നേഹത്തിന്റെ തൊട്ടിലിൽ നിന്ന് താരാട്ട് പാട്ട് കേട്ടതു പോലെ മയക്കത്തിന്റെ വലയിലേക്ക് ചെന്നു വീണു. തന്റെ വിവാഹ ജീവിതത്തിന്റെ രണ്ടാം വർഷ വിഷുവിനെ അഭിവാദ്യം ചെയ്യുകയായിരുന്നു സന്തോഷജീവിതം നയിക്കുന്ന ആ ദമ്പതികൾ. നേർത്തതോതിൽ മഞ്ഞുമൂ ടപ്പെട്ട അന്തരീക്ഷത്തിൽ നിന്നും കേൾക്കാവുന്നതു പടക്കങ്ങളുടെ ഞെട്ടിക്കുന്ന ശബ്ദം മാത്രം. വിഷുവായതിനാൽ തന്നെ സന്തോഷത്തിന്റെ ഒരു നിമിഷം പോലും ഉറക്കത്തിനു വിട്ടുകൊടുക്കാതെ അവർ വിഷു ആഘോഷിച്ചു. ഐശ്വര്യത്തിന്റെ വിഷുവിനെ വരവേൽക്കാനായി പുലർ ച്ചെ തന്നെ മറ്റു വീടുകളിൽ ബൾബുകൾ തെളിയുന്നതിനു മുമ്പേ ആ വീട്ടിൽ കണി ഒരുക്കങ്ങൾ തുടങ്ങിയിരുന്നു. കുലയോടുള്ള കണ്ണിമാങ്ങയ ും, ഐശ്വര്യത്തിന്റെ കണിക്കൊന്നയും മറ്റ് കണി വിഭവങ്ങളുമായി വിളക്ക ു കത്തിച്ച് കണി ഒരുക്കിയതിനുശേഷം, തന്റെ സുന്ദരിക്കുട്ടിയെ കണികാണിക്കേണ്ട സന്തോഷത്തിലായിരുന്നു ആ അമ്മ.

പടക്കങ്ങളുടെ ശബ്ദം കുഞ്ഞിനെ മയക്കത്തിൽ നിന്നും വിളിച്ചുണർ ത്തി. അമ്മ കുഞ്ഞിനെ നെഞ്ചോട് ചേർത്ത് പിടിച്ച് കണികാണിക്കു കയായി. തന്റെ കുഞ്ഞിന് അച്ഛൻ വിഷു കൈനീട്ടം നൽകി. കുസൃതികൾ നിറഞ്ഞ കുഞ്ഞ് തന്റെ മോണകാട്ടുന്ന വായയിലേക്ക് അതിടാൻ ശ്രമിച്ചു. അപ്പോൾ തന്നെ അമ്മയതിനെ തടഞ്ഞു. ഉച്ചയ്ക്ക് വിഷു സദ്യയും കഴിഞ്ഞ് അവർ അടുത്ത വർഷത്തെ വിഷു പുലരിക്കായി കാത്തിരിക്കു

കയായി. പുസ്തകത്താളുകൾ മറിയുന്നതുപോലെ ദിവസങ്ങൾ കടന്നു പോയി.

അതുപോലെ ആ അമ്മ അച്ഛനെയും മകളെയും തനിച്ചാക്കി അങ്ങ് ദൂരെ ഉറക്കത്തിന്റെ അനാഥഗർത്തത്തിലേക്ക് കാലൻ വിളിച്ചുകൊണ്ടു പോയി. കരച്ചിലടങ്ങാത്ത ആ വീട്ടിൽ ബാക്കിയായത് തീരാ കണ്ണുനീർ മാത്രം. അമ്മയ്ക്ക് എന്തു സംഭവിച്ചെന്നറിയാതെ മകൾ അവളുടെ കുസൃതികളിൽ തന്നെ തുടർന്നു. ലോകത്തെ തന്നെ വിട്ട് മരണത്തിന്റെ തടവറയിലേക്ക് ആ അമ്മ പോയത് വിധിയെന്നു കരുതി എല്ലാവരും സമാധാനിച്ചു. ഇടിയോടുകൂടി തിമിർത്തു പെയ്ത മഴയ്ക്കു ശേഷമുള്ള ശാന്തമായ ഒരന്തരീക്ഷം പോലുള്ള ആ വീട്ടിൽ അച്ഛനും മകളും മാത്രമായി. പത്തുമാസം വയറ്റിൽ ചുമന്ന് തന്റെ മകൾക്ക് ജന്മം നൽകിയ അമ്മ മകളെ തനിച്ചാക്കി പോയത് അച്ഛനെ വല്ലാതെ മുറിവേൽപ്പിച്ചു. അമ്മ ആരെന്നറിയാതെ വളർന്ന അവൾക്കു അമ്മയും, ദൈവവുമൊക്കെ ആ അച്ഛനായിരുന്നു. അച്ഛനെന്നാൽ അവൾക്കു ജീവനുതുല്യമായി കടഞ്ഞെടുത്ത സ്വർണം പോലെ തിളക്കമാർന്ന അവരുടെ സ്നേഹം കണ്ട് ആരും അത്ഭുതപ്പെട്ടു പോയേക്കാം. അമ്മയുടെ വേർപാട് മകളെ ഒരിക്കലും തളർത്തരുതെന്നു കരുതി അച്ഛൻ മറ്റൊരു വിവാഹം ചെയ്തു.

ഒരു പ്രഭാതത്തിൽ വീട്ടിൽ വിളക്കുമായി കയറിയ സ്ത്രീയാണ് തന്റെ അമ്മയെന്ന് പറഞ്ഞപ്പോൾ അത് അവളുടെ മാനസികാവസ്ഥയെ ആകെ പിരിമുറുക്കി. അവൾ അതൊരിക്കലും അംഗീകരിക്കാതിരുന്നു. വിവാഹത്തിലൂടെ അവൾ സ്വീകരിച്ചത് ആ അച്ഛനെ മാത്രം. അവരുടെ കർത്തവ്യം എന്ന നിലയിൽ അവർ മകൾക്കു വേണ്ടതെല്ലാം ചെയ്തു കൊടുത്തിരുന്നുവെങ്കിലും അവരവളെ സ്നേഹിക്കാൻ മറന്നുപോയി. സ്നേഹത്തിലൂടെ മകളെ കീഴ്പ്പെടുത്താൻ ആ അമ്മയ്ക്കു ഒരിക്കലും കഴിഞ്ഞിരുന്നില്ല. എന്നാൽ ആ മകൾ അതൊക്കെ കൊതിച്ചിരുന്നു. പക്ഷെ അതൊന്നും അവർക്ക് കിട്ടിയില്ല. കൂട്ടുകാരികൾക്ക് അമ്മമാർ നൽകുന്ന സ്നേഹം കണ്ട് അവൾ ഒരു അമ്മയുടെ സ്നേഹം ആഗ്രഹിച്ചു.

അതിനു വേണ്ടി പ്രാർത്ഥിച്ചിരുന്നു. ആരവൾക്കു ഒരമ്മയുടെ സ്നേഹം നൽകുന്നുവോ അവരെയൊക്കെ അവൾ അമ്മയായി കണ്ടു. പതുക്കെ പതുക്കെ സാഹചര്യമനുസരിച്ച് അവൾ രക്തബന്ധം കൊണ്ട് ഒന്നല്ലാത്ത ആ അമ്മയെ സ്നേഹിച്ചു തുടങ്ങി. മകളെ അടുത്തറിഞ്ഞതു കൊണ്ടായിരിക്കണം ആ അമ്മയിൽ പല മാറ്റങ്ങളുമുണ്ടായി. എന്നിരുന്നാല ◌ും ഒരു യഥാർത്ഥ അമ്മയായിരുന്നില്ല അത്. അവർക്കൊരു കുഞ്ഞു

ണ്ടായപ്പോൾ ആ കുഞ്ഞിനോടുള്ള സ്നേഹം കണ്ട് അവളാകെ വിഷമിച്ചു. തനിക്കു ലഭിക്കാതെ പോയ വാത്സല്യവും, സ്നേഹവുമൊക്കെ എങ്ങനെയായിരിക്കുമെന്നവൾ അറിഞ്ഞത് ആ അമ്മയ്ക്ക് കുഞ്ഞിനോടുള്ള സ്നേഹം കണ്ടാണ്. വേഗം തന്നെ ദൈവം തന്റെ അമ്മയെ തിരിച്ചു വിളിച്ചതിനാൽ അവൾ ദൈവത്തെ മറന്നിരുന്നുവെങ്കിലും പിന്നെ അവളുടെ ദുഃഖങ്ങൾ കാണാൻ ദൈവം മാത്രമായിരുന്നു ഉണ്ടായത്. അവളുടെ മനസിൽ അണയാത്ത തീ കനലായി ദുഃഖങ്ങൾ എരിഞ്ഞുകൊണ്ടിരുന്നു. ഓരോ നിമിഷവും അവൾ തിരിച്ചറിഞ്ഞു അമ്മയാണെല്ലാമെന്ന്...

ശിശിര.കെ

# താൻ കുഴിച്ച കുഴിയിൽ

വഴിതെറ്റി  കാട്ടിൽ വന്നതാണ് കോഴികുഞ്ഞ്. പാവം കോഴികുഞ്ഞ് കാട്ടിലൂടെ നടക്കുന്നത് കുറുക്കന്റ സ്ര ശ്രദ്ധയിൽപ്പെട്ടു. പിറകെ ഓടികഴിഞ്ഞാൽ കോഴിക്കുഞ്ഞ് മരത്തിനു മുകളിൽ കയറുമെന്ന്  കുറുക്കന് അറിയാം. അതുകൊണ്ട് കോഴിയെ പിടിക്കാനുള്ള ഒരു വിദ്യ അവൻ കണ്ടെത്തി. കുറുക്കൻ  കട്ടിലൊരു  കുഴിയുണ്ടാക്കി എന്നിട്ടതിനുമുകളിൽ കുറെ വാഴയിലകൾ മൂടി. കോഴി വരുമ്പോൾ ആ വാഴയിലയിൽ ചവിട്ടി കുഴിയിൽ ചാടും ഹി ഹി കുറുക്കൻ വിചാരിച്ചു. വലിയ ഭാരമില്ലാത്ത കോഴികുഞ്ഞിന്  ആ വാഴയിലകൾക്കു മുകളിലൂടെ സുഖമായി നടന്നുപോകാമെന്ന് കുറുക്കൻ വിചാരിച്ചില്ല. കോഴികുഞ്ഞിന് ആ വാഴയിലകൾക്കു മുകളിലൂടെ സുഖമായി നടന്നുപോകാൻ കഴിഞ്ഞു . ഈ  കാഴ്ച്ച കണ്ടപ്പോൾ കുറുക്കൻ ചമ്മി. എന്തായാലും അവളെ പിടിച്ചേതീരൂ എന്ന തീരുമാനത്തോടെ കുറുക്കൻ കോികകുഞ്ഞിന് പുറകെ ഓടി. അപ്പോഴെല്ലേ തമാശ ആവാഴിലയിൽ ചവിട്ടി കുറുക്കൻ ടപ്പേ  എന്ന് കുറുക്കൻ കുഴിൽവീണു. ശബ്ദം കേട്ട കോഴികകുഞ്ഞിന്  സംഗതി പിടികിട്ടി. കോഴിക്കുഞ്ഞ് ഒരു നിമിഷം പോലും അവിടെ നിൽക്കതെ സ്ഥലം വിട്ടു.

# മഹത്വചനങ്ങൾ

* നിങ്ങൾ പഠിച്ചതെല്ലാം മറന്നതിനു ശേഷം മനസ്സിൽ എന്തൊക്കെ തങ്ങിനിൽക്കുന്നുവോ അതാണ് നിങ്ങൾക്കുള്ള ശരിയായ അറിവ്.

- അജ്ഞാതൻ

* കണ്ണുകൾ സ്വയം വിശ്വസിക്കുന്നു. ചെവികൾ മറ്റുള്ളവരെ വിശ്വസിക്കുന്നു.

- ജർമ്മൻ പഴമൊഴി

* തെറ്റുകൾ വരുത്താതിരിക്കുന്നതല്ല ബുദ്ധി. തെറ്റുകൾ ശരിയാക്കുന്നതിലാണ്.

- ബ്രഹത്

* നല്ല നീന്തൽക്കാരനാണ് പലപ്പോഴും മുങ്ങാറുള്ളത്.

- തോമസ് മുള്ളർ

* ഭൂമിയിലെ ഏറ്റവും മനോഹരമായ വസ്തുവാണ് ഏറ്റവും ഉപയോഗശൂന്യവും.

- ജോൺ റസ്കിൻ

* സ്ത്രീകളുടെ ഉപദേശം മഹിമയുള്ള കാര്യമൊന്നുമല്ല, എങ്കിലും അതു കേൾക്കാത്തവന്നാണ് വിഢി.

- ഇംഗ്ലീഷ് പഴമൊഴി

* ജീവിതം ഒരു നാടകമാണ്.

- ഷേക്സ്പിയർ

# ഇന്നു ഞാൻ

അറിയുന്നു നിന്നെ ഞാൻ
തിരയും നിൻ ശ്രുതിതാളം
അറിയാതെയന്നു ഞാൻ
നിന്നിൽ നിന്നകന്നു പോയ്
സ്നേഹം തുളുമ്പും നിൻ മനസ്സിനെ
ഞാൻ വേദനയാൽ നിറച്ചു.
ഇന്നു നിൻ വിരഹം എന്നെ
ഓർമിക്കും പോലെ
നിൻ ഓർമ്മകൾ എന്നെ തഴുകിടും പോലെ
പ്രയനേ നീ എവിടെ
ആരിന്നു നിനക്കു തുണ
ആരുണ്ടെങ്കിലും ഇല്ലെങ്കിലും
നീ മാത്രമാണെന്റെ ജീവൻ.

## മാറുന്ന കേരളം...

കേരള വൃക്ഷമില്ലാത്ത കേരളം
കേരളമേനി നാശത്തിലാഴുന്നുവോ
കേരളവൃക്ഷം ഇല്ലാത്ത എന്തു കേരളം
കേരള വൃക്ഷത്തിൽ നിന്നുടലെടുത്ത കേരളം
ഇന്ന്, കേരളം കാണുന്നവർ പറയും
ഇത് നമ്മുടെ കേരളം അല്ലായെന്ന്
ആരുമേ മറക്കാത്ത കേരളം
സായിപ്പും മദാമയും സന്ദർശിക്കുന്ന കേരളം
ഇന്നന്യമായ് തീരുന്ന കേരളം.
കൃഷിചെയ്യാൻ മടിക്കുന്നവരുടെ നാട്
അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന നാട്
കെട്ടിടവും യന്ത്രമനുഷ്യരും നിറയുന്നു.
കേരളത്തിൻ ഗതി എന്തൊരു കഷ്ടം
പഴയരീതിയിൽ തിരികെ വരാൻ കാലമായ്

# വൈക്കം മുഹമ്മദ് ബഷീർ

പ്രസിദ്ധനായ മലയാളകഥാകൃത്തും നോവലിസ്റ്റും. വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ ജനിച്ചു. സ്വാതന്ത്ര്യസമരപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുക്കുകയും ചെയ്തു. അതിന്റെ പേരിൽ മർദ്ദനത്തിന്നിരയാവുകയും ജയിൽ ശിക്ഷ അനുഭവിക്കുകയും ചെയ്തു. പ്രധാനകൃതികൾ ബാല്യകാലസഖി, മതിലുകൾ, പാത്തുമ്മയുടെ ആട്, താരാ സ്പെഷ്യൽസ്, നേരും നുണയും, ആനപ്പൂട, ചിരിക്കുന്ന മരപ്പാവ, ഭൂമിയുടെ അവകാശികൾ തുടങ്ങി മുപ്പത്തിരണ്ടോളം കൃതികൾ രചിച്ചിട്ടുണ്ട്. 'ഓർമയുടെ അറകൾ' ആത്മകഥാപരമായ കൃതിയാണ്. നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 1972 ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. കേന്ദ്ര- കേരള സാഹിത്യ അക്കാദമികളുടെ വിശിഷ്ടാംഗവും ആയിരുന്നു. പത്മശ്രീ ബഹുമതി ലഭിച്ചിട്ടുണ്ട്. 1994 ജൂലൈയിൽ നിര്യാതനായി.

# കടങ്കഥകൾ

1) അകം എല്ലം തോലും പുറം പൊന്തം പൊന്തം

ഉ: വൈക്കോൽതുറു

2)അകത്തേക്കുപോകുമ്പോൾ പച്ച, പുറത്തേക്കുവരുമ്പോൾ ചുവപ്പ്

ഉ: വെറ്റിലമുറുക്ക്

3) അക്കരെ നിൽക്കും കൊമ്പൻ കാളയ്ക്ക് അറുപത്തിനാല് മുടിക്കയർ

ഉ: കമ്പള വള്ളി

4) അകത്ത് രോമം പുറത്തിറച്ചി

ഉ: മൂക്ക്

5) അകമില്ല പുറമില്ല ഞെട്ടില്ല വട്ടയില്ല

ഉ: പപ്പടം

6)അമ്പാട്ടെ പട്ടിക്ക് മുമ്പോട്ട് വാല്

ഉ: ചിരവ

7) അമ്മയ്ക്ക് വാലില്ല മക്കൾക്ക് എല്ലാം വാല്

ഉ: തവള

8) അമ്മപെറ്റതെല്ലാം കറുത്ത പട്ടാളം

ഉ: കട്ടുറുമ്പ്

9) അമ്മ കിടക്കും മകൾ ഉരുളും

ഉ:അമ്മിയും അമ്മിക്കുഴയും

10) അറയ്ക്കകത്തൊരു വെള്ളിവടി

ഉ: വാഴപ്പിണ്ടി

# ആദ്യത്തെ രണ്ടക്ഷരം

“അമ്മ” നാം ഓരോരുത്തരും അമ്മിഞ്ഞപ്പാലിനൊപ്പം നുകരുന്ന ആദ്യമായ മധുരാക്ഷരം. വാൽസല്യവും, സ്നേഹവും വാനോളം പകർന്നു തന്ന സ്നേഹദീപ്തമായ നമ്മുടെ ഓരോരുത്തരുടേയും അമ്മയിൽ നിന്നും തുടങ്ങുന്നതാണ് നമ്മുടെ ആദ്യാക്ഷരമായ "അമ്മ” എന്ന പദം. മലയാളികളുടെ ആദ്യാക്ഷരമായ അമ്മ എന്ന അക്ഷരത്തെ അമൃതായി അറിയുക. അക്ഷരം മനുഷ്യന്റെ പടുവാളാണ്. മലയാളം മലയാളിയുടെ കൂടെ ജനിക്കുന്ന മാതൃഭാഷയാണ്. മലയാളത്തെ മറന്ന് വിദേശഭാഷകളെ സ്നേഹിക്കുന്ന പൊങ്ങച്ചമലയാളിയോട് നാം ഓരോരുത്തരും പറയും "അമ്മ മലയാളം”. അമ്മയാവുന്ന മലയാളത്തെ മറന്ന് അന്യഭാഷയെ സ്നേഹിക്കുന്ന നീ പെറ്റമ്മയെ മറന്ന രീതിയിലാണ് ജീവിക്കുന്നത്. ദിവ്യമായ സ്നേഹവ ുും, വിയർപ്പിന്റെ ഗന്ധവുമുള്ള അധ്വാനത്തിന്റെ മണ്ണാണ് മലയാള മണ്ണ്. നാം വായിക്കുന്നതും, കേൾക്കുന്നതുമായ സന്തോഷവാർത്തകളും, ദുഃഖങ്ങളും നമ്മുടെ ഹൃദയത്തെ സ്പർശിക്കാൻ നാം മലയാളി മലയാളം തന്നെ വായിക്കും. വായിച്ചു വായിച്ച് അമരനായി തീരും. അമ്മയാണ് ദൈവം. അക്ഷരമാണ് ആയുധം. മലയാളമാണ് നമ്മുടെ കരങ്ങൾ.

# വീണ്ടുമൊരു പരിസ്ഥിതിദിനം

ജൂൺ-5 ലോകപരിസ്ഥിതി ദിനം. ഈ വർഷത്തെ പരിസ്ഥിതി ദിന മുദ്രാവാക്യം വ്യത്യസ്തമാണ്. സമുദ്ര നിരപ്പല്ല ഉയരേണ്ടത് നിങ്ങളുടെ ശബ്ദമാണ്. കടൽനിരപ്പുയർന്ന് കടൽവെള്ളം കയറിയാൽ കരയാകെ നശിക്കും. ലോകത്തെ പല ദ്വീപുകളും ഈ ഭീഷണി നേരിടുന്നു. അതിനാലാണ് ഈ വർഷം ഈ മുദ്രാവാക്യം തെരഞ്ഞെടുത്തത്.

ദൈവത്തിന്റെ വരദാനമായ പ്രകൃതി ഇന്ന് നാശത്തിന്റെ വക്കിലാണ്. പച്ചപ്പിനെ മനുഷ്യർ ചൂഷണം ചെയ്യുന്നു. വനനശീകരണം, പാടംനികത്തൽ എന്നിങ്ങനെ മനുഷ്യൻ തന്റെ സ്വാർത്ഥതാൽ പര്യത്തിനായി ഭൂമിയെ കൊല്ലുന്നു.

'ഭൂമി നേരിടുന്ന ഒരു പ്രശ്നമാണ് മലിനീകരണം. മണ്ണ്, ജലം എന്തിന് മനുഷ്യനത്യാവശ്യമായ വായുപോലും മലിനമാക്കുന്നു. പ്ലാസ്റ്റിക്ക് ഒരു പ്രധാന ഘടകമാണ്.

'വനനശീകരണവും പാടം നികത്തലുമാണ് മറ്റോരു പ്രശ്നം. ഇങ്ങനെ വനങ്ങൾ നശിപ്പിച്ചുകൊണ്ടാണ് ഫാക്ടറികൾ നിർമിക്കുന്നത്. അനിയന്ത്രിതമായ വനനശീകരണം മൂലം മഴപെയ്യുന്നതിലും അഭാവം സംഭവിക്കും. ഇത് മൂലം വരുന്നത് കൊടിയ ജലക്ഷാമമായിരിക്കും.

'വനനശീകരണത്തിനും, പാടംനികത്തലിനും, മലിനീകരണത്തിനും നാം ഓരോരുത്തരും നമുക്കാവുന്നത്ര നിയന്ത്രണങ്ങൾ നടപ്പാക്കുക, അല്ലെങ്കിൽ എഴുത്തച്ഛനും, ചെറുശ്ശേരിയുമുണ്ടെന്ന് പഠിപ്പതുപോലെ വിദ്യാലയത്തിൽ നിന്ന് കർഷകരും പാടവും ഉണ്ടെന്ന് പഠിക്കേണ്ടി വരും. അതിനാൽ ദൈവത്തിന്റെ വരദാനമായ ഭൂമി നമ്മുടെ പൂർവ്വികർ സമ്മാനിച്ചതു പോലെ ഒരു കേടുപാടും കൂടാതെ നമ്മുടെ വരും തലമുറക്ക് സമ്മാനിക്കേണ്ട കടമ നമുക്കുണ്ട്. അതിനാൽ ഓർക്കുക, ഭൂമിയിലെ ഓരോന്നും വിലയേറിയതാണ്. അത് നശിപ്പിക്കാതെ കാത്തു വെക്കേണ്ടത് നമ്മുടെ കടമയാണ്.

## ഭൂമി...

കണ്ണീർക്കണമെന്ന പോലെ മഴ പെയ്തു തുടങ്ങി.
ചടുല നൃത്ത ചുവടുകളേന്തി ഇടിമിന്നൽ കേമൻമാർ
ഞെട്ടിത്തരിച്ച തൻ കിടാങ്ങളെ പൊത്തിപ്പിടിച്ചിരിക്കുന്ന ഭൂമി.
ഇത് ഇന്നത്തെ ഭൂമി നാളത്തെ ഭൂമി;
ഇനിയുള്ള മക്കൾക്കായുള്ള ഭൂമി.
അരുത് കിടാങ്ങളെ കൊല്ലരുത് ഭൂമിയെ
അമ്മതൻ ലാളന നൽകുന്ന ഭൂമിയെ
ഭാരതമാതാവിൻ സോദരി ഭ്രമി;
ഭാരത മക്കൾക്ക് പെറ്റമ്മ ഭ്രമി;
കിടാങ്ങൾതൻ ക്രൂരത പൊറുക്കുന്ന ഭൂമി.
അമ്മഭൂമി, പെറ്റമ്മ ഭൂമി
ഇത് ഭാരത ഭൂമി.
ഇത് നമ്മുടെ ഭൂമി, കിടാങ്ങളെ,
ഭൂമി നമ്മുടേത്, കിടാങ്ങളെ
ഭൂമിയിലെന്നാൽ നാംമില്ലെന്ന് ഓർക്കുക.

# എം.ടി.വാസുദേവൻ നായർ

പൊന്നാനി താലൂക്കിൽ കൂടല്ലൂരിൽ 1933 ജൂലൈ -15 ജനനം. പാലക്കാട് വിക്ടോറിയ കോളേജിൽ നിന്ന് 1953 ൽ ബി.എസ്.സി ബിരുദം. അദ്ധ്യാപകൻ, പത്രാധിപർ, കഥാകൃത്ത്, നോവലിസ്റ്റ്, തിരക്കഥാകൃത്ത്, സിനിമാ സംവിധായകൻ എന്ന നിലയിൽ പ്രവർത്തിച്ചു. നിർമാല്യം, കടവ്, ഒരു വടക്കൻ വീരഗാഥ, സദയം, പരിണയം തുടങ്ങിയ ചലച്ചിത്രങ്ങൾക്ക് ദേശീയ അവാർഡും, ഓളവും തീരവും, ബന്ധനം, ഓപ്പോൾ, അരുഢം, അനുബന്ധം, അമൃതംഗമയ, പെരുന്തച്ഛൻ, സുകൃതം എന്നിവയ്ക്ക് സംസ്ഥാന ബഹുമതികളും ലഭിച്ചു. രണ്ടാമൂഴം എന്ന നോവലിന് വയലാർ അവാർഡും മുട്ടത്തുവർക്കി ഫൗണ്ടേഷൻ അവാർഡും ലഭിച്ചിട്ടുണ്ട്.

അഭിരാമി.ടി.പി

# ആമ്പൽപൂവ്

അങ്ങകലെ- ദൂരെ ദൂരെ
അമ്പലത്തിൽ പോയിരുന്നു.
നല്ല യാത്രയായിരുന്നു.
തടാകത്തിൻ മുൻപിലൂടെ
യാത്ര ചെയ്യുന്നേരം
നല്ല പൂവിൻ ഗന്ധം തോന്നീടുന്നു.
ചുറ്റുപാടും നോക്കി ഞാൻ.
നല്ലൊരു കാറ്റുവന്നു വീശിടുമ്പോൾ
നല്ല സൗരഭ്യം തോന്നീടുന്നു.
നീല വണ്ടുവന്നുമൂളി ചുറ്റി
കാറ്റിലാടും ആമ്പൽ പൂവുകണ്ടു ഞാൻ
നല്ലൊരിളം കാറ്റുവന്നു
പൂപ്പറിപ്പാൻ തോന്നി.

# പഴമൊഴികള്

* അകിടു ചെത്തിയാൽ പാൽ കിട്ടുമോ?
* ആനയെ പേടിക്കാം, ആനപ്പിണ്ടത്തെ പേടിക്കണോ?
* അണ്ടിയോടടുത്താലേ മാങ്ങയുടെ പുളിയറിയൂ.
* കാട്ടിലെ തടി, തേവരുടെ ആന, വലിയെടാവലി.
* കാണാൻ കൊടുത്ത മുയലിന് വെള്ളിയാഴ്ച്ച കുറ്റം
* തങ്കത്തിന് സുഗന്ധം.
* കണ്ണിൽ കുത്തിയിട്ട് കണ്ണീരിന്റെ കാരണം ചോദിക്കുന്നു.
* ചത്തതു കീചനെങ്കിൽ കൊന്നതു ഭീമൻ തന്നെ.
* മൂക്കില്ലാ രാജ്യത്ത് മുറിമൂക്കൻ രാജാവ്.
* മുട്ടുവിൻ തുറക്കപ്പെടും.
* മഞ്ഞപ്പിത്തക്കാരൻ കാണുന്നതെല്ലാം വെള്ള.
* ചാത്തനൊഴിഞ്ഞപ്പോൾ ചെകുത്താൻ കൂടി.
* കണ്ണിന് കണ്ണ്, പല്ലിന് പല്ല്.

**ഉദ്ധരണികൾ...**

* എല്ലാം ആകാമെന്ന് വിശ്വസിക്കുന്നവന് ഒന്നും ആവാൻ കഴിയില്ല
- ഹെക്ടർ

*അൽഭുതങ്ങൾ സംഭവിക്കുകയില്ലെന്ന് വിശ്വസിക്കുക യുക്തിക്ക് ചേർന്നതല്ല.
- എഡിസൺ

* അധികം കൂവുന്ന കോഴി അൽപം മുട്ടയേ ഇടൂ.
- മലയാളപഴമൊഴി

*ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതല്ല, വിഷമമുള്ള ചോദ്യങ്ങൾ ചോദിക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നവരാണ് ഉത്തമ അദ്ധ്യാപകർ
- ആലീസ് വില്ലിംഗ്ടൺ

*സിംഹം മനുഷ്യനോളം അക്രമിയല്ല. കാരണം അതിന് മതമോ, ജാതിയോ, രാഷ്ട്രീയമോ, ഗ്രൂപ്പോ ഇല്ല.
- ബർണാഡ്ഷാ

-ഗോപിക കെ .വി

# ഇളം കാറ്റേ എങ്ങോട്ട്

എങ്ങോട്ടോടിപ്പോണൂ നീ ....
എവിടേക്കോടിപ്പോണൂ നീ ....
ഇളംകാറ്റേ ......എങ്ങോട്ട് ........
എന്നേത്തലോടി ....എങ്ങോട്ട്.....
പൂമണമേന്തി എങ്ങോട്ട്........
മെല്ലെ മെല്ലെ എങ്ങോട്ട്......
ഇളം കാറ്റേ പോവരുതെ .....
എങ്ങോട്ടും നീ പോവരുതേ .....
ഇനിയും ഇനിയും വരുമോ നീ .....
എന്നുടെ അരികിൽ വരുമോ നീ ......
പൂമണമിനിയും തരുമോ നീ .......
ഇനിയും ഇനിയും വരണേ നീ ......
എന്നുടെ അരികിൽ വരണേ നീ ......
പൂമണമിനിയും .......തരണേ നീ .......

- യദുനന്ദ പ്രമോദ്

## നഷ്ടബോധം

ഇന്നലെയുടെ ഇലകളിൽ കോറി വരച്ചിരിക്കുന്ന ചിന്തകൾക്ക്
ഒരായുഷ്കാലത്തിന്റെ കഥ പറയാനുണ്ടാവും.
നിറം നഷ്ടപ്പെടുന്ന ഓർമ്മകളെ വീണ്ടും
പ്രകാശമാനമാക്കാൻ നിനക്കു കഴിഞ്ഞുവല്ലോ?
മനസ്സിന്റെ അടിത്തട്ടിൽ എവിടെയോ മറന്നുവെച്ച
സ്വപ്നങ്ങളെ തോലോലിക്കുമ്പോൾ ചിന്തകളിൽ
പിന്നെയും ഒരു നഷ്ടബോധം ഉടലെടുത്തു.
തഴുകി കടന്നു പോകുന്ന കാറ്റിനു പോലും കണ്ണീർ നനവ്
സൗഹൃദവും, പ്രണയവുമെല്ലാം ഒന്നു കണ്ണടക്കുമ്പോഴേക്കും
മറവിയുടെ ഓളത്തിലേക്ക് ഊളിയിടുമ്പോൾ
നാം നമ്മെത്തന്നെ മറക്കുകയാണോ?
തലമുറയിൽനിന്ന് തലമുറയിലേക്ക് ഒഴുകുന്ന
കാലത്തിന്റെ രോഗമാണിതെന്ന അറിവ്
ആശ്വാസത്തിന് കൈത്താങ്ങാവുമോ?
അറിയില്ല...!

ചൈതന്യ മനോഹർ

# കുമാരനാശാൻ (1873-1924)

ആധുനിക കവിത്രയത്തിലൊരാൾ. തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴിലുള്ള കായിക്കര ഗ്രാമത്തിൽ ജനിച്ചു. ശ്രീ നാരായണഗുരുവിന്റെ പ്രധാന ശിഷ്യൻ. എസ്.എൻ.ഡി.പി. യോഗം സെക്രടറിയായി പ്രവർത്തിച്ചു. ബാംഗ്ലൂരിലും മദ്രാസിലും കൽക്കട്ടയിലും ഉപരിപഠനം നടത്തി. 1907 പ്രസിദ്ധീകരിച്ച വീണപൂവ് മലയാള കവിതയിൽ ഒരു പുതുയുഗത്തിന് ആരംഭം കുറിച്ചു. നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീതാ, ദുരവസ്ഥ, ചണ്ഡാല ഭിക്ഷുകി, കരുണ, തുടങ്ങിയ ഖണ്ഡകാവ്യങ്ങളും രചിച്ചിട്ടുണ്ട്. അതേവരെ നിലനിന്ന കാവ്യരീതിക്കു മാറ്റം വരുത്തി തനതായ ഒരു ശൈലിക്ക് രൂപം കൊടുത്തു. മലയാളകവിതയിൽ കാൽപനികവസന്തത്തിനു തുടക്കം കുറിച്ചവരിൽ പ്രമ ുഖൻ.

അനുശ്രീ.എൻ

# മഴവില്ല്

ദൈവത്തിൻ നയനങ്ങളിൽനിന്നും ചിതറിയ
കണ്ണുനീർ നിറം ഏഴുനിറമായിരുന്നു.
അവകൂടിച്ചേർന്ന് ഇഴകളായി മാറിയവരായിരിക്കാം മഴവില്ല്
ആ ദൈവത്തിൻ അനുഗ്രഹം കൊണ്ടതായി -
രിക്കാം അതിനിത്രയും സുന്ദരരൂപം
ആരും കൊതിക്കും ഇവളുടെ ചിരികണ്ടാൽ
ആരും പറഞ്ഞുപോകും എത്ര മനോഹരമെന്ന് .
ഷാജഹാൻ മുംതാസിനായി പണിത താജ്മഹൽ പോലെ
ഞാൻ പണിയാം നിനക്കായി സ്നേഹത്തിൻ താജ്മഹൽ
പക്ഷെ ആ താജ്മഹൽ നിന്നേക്കാളും
ഭംഗിയുണ്ടാവില്ലെന്ന് മാത്രം.
നിന്റെ ഭംഗിയെ വെല്ലാൻ ഈ ലോകത്താറുണ്ട്.
സ്വർഗത്തിലെ മാലാഖമാരുടെ പുരികത്തിൻ
ആകൃതിയായിരിക്കാം നിനക്ക് കിട്ടിയത്
ഒരു സംശയവും ഇല്ല ആ ആകൃതിയെ വെല്ലാനും
ഈ ലോകത്തിൽ ആരും ഇല്ല.
മഴ തൻ ഉറ്റ ചങ്ങാതിയായതിനായിരിക്കാം
മഴവില്ലെന്ന സുന്ദര നാമം നിനക്ക് വീണത്
ആ നാമത്തെ പറ്റി ഒരു വരിയെഴുതുമ്പോൾ
എന്റെ കയ്യിലെ തൂലിക പോലും
അറിയാതെ പറഞ്ഞു പോകുന്നു
ഹായ് എത്ര മനോഹരമാണ് നീ...

-മിസിരിയ

# സ്വപ്നനിലാവ്

നിലാവിന്റെ നീല കണ്ണിനെനോക്കി
അന്നും ആ പുലർച്ചയിൽ വന്നിരുന്നവൾ
അവളുടെ കണ്ണിൽ നിലാവിന്റെ ഒരു നൂറു പുഞ്ചിരി
ആ പുഞ്ചിരി അവളുടെ മനസ്സിലെ
ആ മഴവില്ല് ഒരു മഴപോലെ
അവളുടെ കണ്ണുനീർ തുളുമ്പി നിന്നു
ചെറു സ്വപ്നം മാത്രമായ്
വാനിൽ തിങ്ങി ഒരു നിലാവ് മറയുന്നു

# ഭാഷയും വായനയും

നാം നമ്മുടെ ഭാഷയെ വളരെയേറെ ബഹുമാനിക്കേണ്ടതാണ്. ആശയവിനിമയം നടത്താനുള്ള ഒരുപാധി മാത്രമല്ല ഭാഷ. മറിച്ച് വികാരങ്ങളെ പ്രകടിപ്പിക്കുവാൻ കൂടിയുള്ളതാണ്. നാം ജനിച്ച് കഴിഞ്ഞ് ആദ്യം ഉരുവിടുന്നത് അമ്മ എന്ന വാക്കാണ്. ഈ വാക്കിലടെയാണ് ആദ്യമായി നാം ഭാഷ അറിയുന്നത്. ഭാഷയെ തൊട്ടറിയുന്നത്. ഇപ്പോൾ നമ്മുടെ മാതൃഭാഷ അന്യംനിന്ന് പോവുകയാണ്. ഇന്ന് എല്ലാവർക്കും ഇംഗ്ലീഷ് ഭാഷകളോടാണ് പ്രിയം. പക്ഷെ പിന്നീട് മലയാള ഭാഷാ മഹത്വം ഇവർക്ക് മനസിലാകും. ഭാഷയെ പോലെ തന്നെയാണ് വായനയും. ഇതെല്ലാം മാറ്റിവച്ച് കമ്പ്യൂട്ടർ പോലുള്ള ഉപകരണം ഉപയോഗിച്ച് സമയം ചെലവഴിക്കുകയാണിന്ന്. വായനയിലൂടെ ഒട്ടേറെ അറിവ് നമുക്ക് നേടാൻ കഴിയും. അറിവിന്റെ ഉറവിടങ്ങൾ കണ്ടെത്തി സ്വയം ആസ്വദിച്ച് വളരാൻ നമുക്ക് കഴിയണം. ഇങ്ങനെ പുസ്തകങ്ങൾ കണ്ടും, തൊട്ടും, വായിച്ച് മനസിലാക്കിയും, ആസ്വദിച്ചും കേരളത്തിലെ കുട്ടികൾ ഇന്ന് വളർന്നാൽ നാളെ കേരളം ലോകത്തിന് വഴികാട്ടും. നാം ഭാഷ അറിഞ്ഞ് പുസ്തകങ്ങൾ വായിച്ച് ശാസ്ത്രത്തിൽ മികച്ച വളർച്ച കൈവരിക്കണം. ഈ വളർച്ച മനുഷ്യന് ഒരുക്കുന്ന അറിവിന്റെ വിജ്ഞാനസമ്പത്ത് അനുദിനം വർദ്ധിപ്പിക്കാന ◌ും സഹായകമാവുന്നു എന്ന് നാം ബോധ്യപ്പെടുത്തണം.

അനുശ്രീ.പി.കെ

# ക്വിസ്

* ഉജ്ജീവനം മാസികയിലെ തന്റെ രചനക്കായി ബഷീർ സ്വീകരിച്ച തൂലികാ നാമം?

\- പ്രഭ

* ബഷീർ എഴുതിയ ഏക നാടകം?

\- കഥാബീജം

* ചോദ്യോത്തര രൂപത്തിൽ ബഷീർ സ്വീകരിച്ച കൃതി?

-നേരും നുണയും

*ബഷീറിന്റെ ആദ്യകൃതി?

-പ്രേമലേഖനം

* ബഷീറിന്റെ ആത്മകരമായ രചന?

\- ഓർമ്മയുടെ അറകൾ

* ബഷീറിന് പത്മശ്രീ പുരസ്കാരം ലഭിച്ച വർഷം?

\- 1982

* ബഷീറിന്റെ പ്രഭാഷണങ്ങൾ ഉൾക്കൊള്ളുന്ന കൃതി ഏത്?

-ചെവിയോർക്കുക അന്തിമാകഹാളം

നീതു.പി

# എം.ടി.വാസുദേവൻ നായർ

പൊന്നാനി താലൂക്കിൽ കൂടല്ലൂരിൽ 1933 ജൂലൈ -15 ജനനം. പാലക്കാട് വിക്ടോറിയ കോളേജിൽ നിന്ന് 1953 ൽ ബി.എസ്.സി ബിരുദം. അദ്ധ്യാപകൻ, പത്രാധിപർ, കഥാകൃത്ത്, നോവലിസ്റ്റ്, തിരക്കഥാകൃത്ത്, സിനിമാ സംവിധായകൻ എന്ന നിലയിൽ പ്രവർത്തിച്ചു. നിർമാല്യം, കടവ്, ഒരു വടക്കൻ വീരഗാഥ, സദയം, പരിണയം തുടങ്ങിയ ചലച്ചിത്രങ്ങൾക്ക് ദേശീയ അവാർഡും, ഓളവും തീരവും, ബന്ധനം, ഓപ്പോൾ, അരുഢം, അനുബന്ധം, അമൃതംഗമയ, പെരുന്തച്ചൻ, സുകൃതം എന്നിവയ്ക്ക് സംസ്ഥാന ബഹുമതികളും ലഭിച്ചു. രണ്ടാമൂഴം എന്ന നോവലിന് വയലാർ അവാർഡും മുട്ടത്തുവർക്കി ഫൗണ്ടേഷൻ അവാർഡും ലഭിച്ചിട്ടുണ്ട്.

അഭിരാമി.ടി.പി

# വായന

വിദ്യയാണഖിലസാരമീ ഭൂമിയിൽ
അതിൽ പ്രധാനം വായന
ചിന്തിക്കാൻ വായന
ചിന്തിപ്പിക്കാൻ വായന
ദേവന്മാർ തൻ മനുഷ്യ
രൂപമെന്നധ്യാപകൻ അവർ
നൽകിയ അറിവാണുവായന
കവി തൻ ഭാവനപുസ്തകം
അതിലെ അറിവാണു ഞങ്ങൾ

പ്രണവ്.എൻ

# മനം പൂത്തുലഞ്ഞപ്പോൾ

മനസിൻ കുളിർമയിൽ എൻമനം
തുടിച്ചുവോ ഒന്നു കാണാൻ
അകലെയാണെങ്കിലും എൻ മനം
നിൻ അരികിലായി നിൽപ്പൂ
നിത്യം നിൻ ചാരത്തുവന്നിരുന്നു
ഒരുപാടീ സ്വപ്നങ്ങൾ തുന്നിക്കൂട്ടീ ഞാൻ
എങ്കിലും മായാതെനിൻസ്വരങ്ങൾ
എൻ കാതിൽ വന്നുതലോടുവാനായി
പരൽമീനുകൾ കേണുവോ നിൻ
മണിമഞ്ചലിൽ തലോടുവാനായി
മഴയുടെ ലോലമാം പുഞ്ചിരി നീ
തട്ടിത്തലോടുവാനായി
വെള്ളാരംകല്ലിൽ തട്ടിതലോടി
ലോലമാം ഗീതങ്ങൾ മീട്ടുന്നുവോ
കളകളശബ്ദങ്ങൾ നീട്ടി ഒഴുകും
പാപകന്യകയാണ് എൻ പുഴ...

അനഘ.കെ.എം

# ജി ശങ്കരരക്കുറുപ്പ്

1901-ൽ എറണാകുളം ജില്ലയിലെ കാലടിക്കടുത്ത് നായത്തോട് ഗ്രാമത്തിൽ ജനിച്ചു. ജ്ഞാനപീഠപുരസ്കാരം നേടിയ ആദ്യ സാഹിത്യകാരനാണ് ഇദ്ദേഹം. പ്രകൃതി ഗായകനെന്നും സിംബോളിക് കവി എന്നും ഇദ്ദേഹത്തെ നിരൂപകൻമാർ വിശേഷിപ്പിക്കുന്നു. വിശ്വദർശനം, സാഹിത്യ കൗതുകം (4 ഭാഗങ്ങൾ), സൂര്യകാന്തി, നവാതിഥി, നിമിഷം, ഇതളുകൾ, ഓടക്കുഴൽ, ജീവന സംഗീതം തുടങ്ങിയ കവിതാസമാഹാരങ്ങളും ,സന്ധ്യ, ഇരുട്ടിനു മുമ്പ്, എന്നീ നാടകങ്ങളും രാജധാനി, ഹരിശ്ചന്ദ്രൻ എന്നീ കഥാപുസ്തകങ്ങളും ടിപ്പു, ഹൈദരാലി തുടങ്ങിയ ജീവചരിത്രങ്ങളും രചിച്ചിട്ടുണ്ട്. ഇളം ചുണ്ടുകൾ, ഓലപ്പീലി, കാറ്റേ വാ കടലേ വാ തുടങ്ങിയ ബാലകവിതാ സമാഹാരങ്ങളും ജിയുടെ സംഭാവനകളാണ്. കാവ്യാത്മകമായ ഗദ്യ ലേഖനങ്ങളും രചിച്ചിട്ടുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും, പത്മഭൂഷൻ ബഹുമതിയും ലഭിച്ചു. പാർലമെന്റിൽ അംഗമായിരുന്നു.1978 -ൽ ജി. ശങ്കരക്കുറുപ്പ് അന്തരിച്ചു.

# വായിച്ചു വളരുക

മലയാളിയെ അക്ഷരത്തിന്റെയും വായനയുടേയും ലോകത്തേക്ക് കൈപിടിച്ചുയർത്തിയ പി.എൻ. പണിക്കരുടെ സ്മരണയിലാണ് ജൂൺ 19 വായനാദിനമായി ആചരിക്കുന്നത്. “ആരായിരുന്നു പി.എൻ.പണിക്കർ” എന്ന പുതുവായിൽ നാരായണൻ പണിക്കർ? കൂട്ടുകാരോടൊപ്പം വീടുകൾ തോറും കയറി പുസ്തകങ്ങൾ ശേഖരിച്ച് ജന്മനാട്ടിൽ സ്ഥാനകർമം എന്ന പേരിൽ ഒരു വായനശാല ആരംഭിച്ചുകൊണ്ടാണ് പണിക്കർ തന്റെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ഗ്രന്ഥശാലകൾ ഇല്ലാത്ത ഒരു ഗ്രാമവും കേരളത്തിലുണ്ടാവരുതെന്ന് അദ്ദേഹം ആഗ്രഹിച്ചു. ആയിരക്കണക്കിന് ഗ്രാമങ്ങളിൽ വായനയുടെ പുതുവെളിച്ചമെത്തിക്കാൻ പണിക്കർക്ക് സാധിച്ചു. ചിന്തിച്ചു പ്രബുദ്ധരാവുക, എഴുതി പഠിച്ചു കരുത്തു നേടുക, വായിച്ചു വളരുക തുടങ്ങിയ മുദ്രാവാക്യങ്ങൾ മലയാളിക്ക് സമ്മാനിച്ചത് പണിക്കരായിരുന്നു. പതിനാലോളം കൃതികൾ രചിച്ച പണിക്കർ 1995 ജൂൺ 19 ന് വിടപറഞ്ഞു. അദ്ദേഹത്തിന്റെ ചരമദിനം കേരളവായനാദിനമായി നമ്മൾ ആചരിക്കുന്നു. വായനയുടെ മഹത്വം വര ും തലമുറയ്ക്കും നമ്മൾ ചോർന്നു കൊടുക്കണം.

അഭിനവ്.ടി

# കടംകവിതകൾ

അമ്മയിലുണ്ട് ഉമ്മയിലില്ല മമ്മിയിലുമില്ല
തുമ്പിയിലുണ്ട് തൂവലിലില്ല കൂവലിലുമില്ല
താളിയിലുണ്ട് താലിയിലില്ല താലത്തുമില്ല
താമസിയാതെൻ പേര് പറയാൻ
നിങ്ങൾക്കറിയാമോ?

പൂമൊട്ടിലുണ്ട് ഇതളിലില്ല
സാമ്പാറിലുണ്ട് രസത്തിലില്ല
കറ്റയിലുണ്ട് കളത്തിലില്ല
തെറ്റാതെൻ പേര് പറഞ്ഞീടാമോ?

വള്ളത്തിലുണ്ടല്ലോ കുഞ്ഞേ-പക്ഷെ
ഉള്ളത്തിലൽപവുമില്ല
താളത്തിലുണ്ട് ചൊല്ലൂ-നീയും
താമസിയാതെന്റെ നാമം

താളത്തിലുണ്ട് മേളത്തിലില്ല
രാമനിലുണ്ട് സീതയിലില്ല
മീരയിലുണ്ട് മീനയിലില്ല
മൂന്നക്ഷരമെൻ പേരെന്ത്?-ചൊല്ലൂ

[ഉത്തരം: അമ്പിളി, പൂമ്പാറ്റ, വള, താമര]

# ഉത്തരം പറയാമോ

ഷീലക്കുഞ്ഞിന്നാറും, ഷൈലക്കുഞ്ഞിന്നേഴും
മിഠായി ചേച്ചി കൊടുത്തുവെന്നാൽ
ഇരുപേർക്കുമായി ആ ചേച്ചി കൊടുത്തുള്ള
മിഠായിയെത്ര?- പറയൂ ഷൈമേ

മീനക്കുഞ്ഞിൻ കൈകളിലുണ്ട് മിന്നുന്നാറുവള
ഷീലക്കുഞ്ഞിൻ കൈകളിലുണ്ട് ചേലുള്ളഞ്ചുവള
താരക്കുഞ്ഞിൻ കൈകളിലുണ്ട് തരിവള നാലെന്നാൽ
താമസിയാതെ പറയൂ നിങ്ങൾ ആകെ വളയെത്ര?

മുറ്റത്തെ മൂന്നു മുല്ലച്ചെടിയിൽ
മൂന്നുവീതം പൂമൊട്ട് വിരിഞ്ഞു
മീന അല്ലെങ്കിൽ സോന പറയൂ
മൂന്നിലും കൂടി മൊട്ടുകളെത്ര?

അനശ്വര.കെ.വി

# ഭൂമി

ആയോദനം എത്രയോ നടന്നതാണീ ഭൂമി!
അനുഷ്ഠാനം എത്രയേറെ ഉള്ളതാണീ ഭൂമി!

ജീവ സ്പന്ദം ഏറെയുള്ള ഭൂമി!
ഹരിതമെന്ന പേരു കേട്ട ഭൂമി!

മൃത്യുവും, വറുതിയും, ശുത്തവും, സന്താപവും
യോറെയുള്ള ഭൂമി!

അനശ്വരവും യൗവ്വനവും നില നിൽക്കുന്ന ഭൂമി!
എന്തൊരു അനർഘമാണീ ഭ്രമി!

അഭിജിത്ത്.ടി

# എന്നെന്നും കണ്ണേട്ടന്റെ നന്ദൂട്ടി

മഞ്ഞുതുള്ളികൾ വീണുടയുന്ന നനവാർന്നൊരു പ്രഭാതം. വീണു കിടക്കടുന്ന പച്ചിലകളിൽ മഞ്ഞു കണങ്ങൾ തിളങ്ങുന്നു. സ്ക്കൂൾ വരാന്തയിലൂടെ നടന്ന് വരികയാണ് അവൾ. നന്ദിനി കണ്ണേട്ടന്റെ നന്ദൂട്ടി. കണ്ണന്റെ കൊച്ചനുജത്തിയാണവൾ. നന്ദിനിയെന്നാൽ കണ്ണന് ജീവനാണ്. നന്ദിനിക്കും അച്ഛനും അമ്മയും ഉണ്ട്.എന്നാലും കണ്ണനാണ് നന്ദിനിയുടെ എല്ലാകാര്യങ്ങളും നോക്കുന്നത്. 'നന്ദൂ', കണ്ണൻ ജനൽപാളികൾക്കിടയിൽ കൂടി വിളിച്ചു. നന്ദു തിരിഞ്ഞുനോക്കി.

'ഭക്ഷണം എടുത്തില്ലേ നീ'?

'ആ എടുത്തു'

'വൈകീട്ട് നമുക്കൊരുമിച്ച് പോകാം'

'ശരി', നന്ദിനി നടന്നു നീങ്ങി.

വൈകിട്ട് അവർ ഒന്നിച്ച് നടക്കുകയായിരുന്നു. വയൽ വരമ്പിലൂടെ അവർ നടന്നു. 'എന്താ നന്ദൂ നീയിങ്ങനെ വിഷമിച്ചിരിക്കുന്നത് ഏട്ടനോട് പറയൂ'. നന്ദു ചിണിങ്ങിക്കൊണ്ടു പറഞ്ഞു.

'ഏട്ടാ എനിക്ക് അഞ്ചുവിന്റെ പോലുള്ള ഒരു കമ്മൽ വേണമായിരുന്നു. എന്ത് ഭംഗിയാ അത് കാണാൻ. ഒരു പവനുണ്ടെന്നാണവൾ പറഞ്ഞത്'

'സ്വർണ്ണാണോ നന്ദൂട്ടീ, അതൊക്കെ വാങ്ങാനുള്ള കഴിവ് നമുക്കുണ്ടോ. വീട്ടിലെ അവസ്ഥ നിനക്കറിഞ്ഞൂടേ.അമ്മയ്ക്ക് തീരെ വയ്യാണ്ടായിരിക്ക്യാ. അച്ഛൻ കൊണ്ടുവരുന്നത് തന്നെ ജീവിതത്തിന്റെ രണ്ടറ്റങ്ങൾ കൂട്ടി മുട്ടിക്കാൻ പ്രയാസകരമാണ്.പിന്നെ നിനക്കെങ്ങനെ വാങ്ങിത്തരാനാ?'

നന്ദൂട്ടിയുടെ മുഖം മൂടിക്കെട്ടിയ കാർമേഘങ്ങൾ പോലെ ഇരുണ്ടു.

'നീ പിണങ്ങേണ്ട, ഞാൻ വാങ്ങിത്തരും അഞ്ചുവിനേക്കാൾ നല്ലൊരു കമ്മൽ'

'സത്യമായിട്ടും?'

'അതേ എന്റെ മരണത്തിന്റെ മുമ്പത് ഞാൻ സാധ്യമാക്കും'.

ജീവിതത്തിന്റെ ഒരുപാട് താളുകൾ മറിഞ്ഞു കൊണ്ടേ ഇരുന്നു.നന്ദിനിക്ക് 18 വയസ്സ് പൂർത്തിയായി. അവൾ ഇപ്പോൾ തുന്നൽ ക്ലാസ്സിനു പോവുന്നു.

ഒരു ദിവസം അവർ രണ്ടു പേരും മാത്രമുള്ള സമയം. കണ്ണൻ അകത്തു നിന്നിറങ്ങി എവിടെയോ പോയി. കുറച്ച് സമയത്തിനുശേഷം അവൻ തിരികെ വന്നു നന്ദൂ എന്നു വിളിച്ചു.


നന്ദൂട്ടി ഓടി ഉമ്മറത്തെത്തി. നിലത്ത് വീണ് കിടന്ന് പിടയുന്ന കണ്ണനെയാണവൾ കാണുന്നത്. അവൾ അയൽക്കാരെ വിളിച്ച് കണ്ണനെ ആശുപത്രിയിലെത്തിച്ചു. മരണത്തോട് മല്ലടിക്കുന്ന കണ്ണന്റെ മുഖം അവള ുടെ കണ്ണുകളെ നനയിപ്പിച്ചു. ഡോക്ടർ വന്നു പറഞ്ഞു,

'ആരാ നന്ദൂ രോഗി അന്വേഷിക്കുന്നുണ്ട്, ബോധംവന്നില്ല, എന്നാലും ചെന്ന് കണ്ടോളൂ.' നന്ദു കണ്ണന്റെ അരികിലെത്തി അവൻ പറഞ്ഞു,

'എന്റെ കുഞ്ഞനുജത്തിക്കിതാ ഏട്ടന്റെ അവസാനത്തെ സമ്മാനം'. കയ്യിലിരുന്ന കമ്മൽ നന്ദുവിന്റെ കൈയിൽ കൊടുത്തു. ഒരുകാറ്റുപോലെ കണ്ണന്റെ ജീവൻ ശരീരം വിട്ടിറങ്ങി.

# ക്വിസ്

* ഉജ്ജീവനം മാസികയിലെ തന്റെ രചനക്കായി ബഷീർ സ്വീകരിച്ച തൂലികാ നാമം?
- പ്രഭ
* ബഷീർ എഴുതിയ ഏക നാടകം?
- കഥാബീജം
* ചോദ്യോത്തര രൂപത്തിൽ ബഷീർ സ്വീകരിച്ച കൃതി?
-നേരും നുണയും
*ബഷീറിന്റെ ആദ്യകൃതി?
-പ്രേമലേഖനം
* ബഷീറിന്റെ ആത്മകരമായ രചന?
- ഓർമ്മയുടെ അറകൾ
* ബഷീറിന് പത്മശ്രീ പുരസ്കാരം ലഭിച്ച വർഷം?
- 1982
* ബഷീറിന്റെ പ്രഭാഷണങ്ങൾ ഉൾക്കൊള്ളുന്ന കൃതി ഏത്?
-ചെവിയോർക്കുക അന്തിമാകഹാളം
* സർപ്പയജ്ഞം എന്ന ബഷീർകൃതി ഏത് സാഹിത്യരൂപത്തിൽപ്പെടുന്നു?
-ബാലസാഹിത്യം
*ബഷീറിന്റെ ഏത് കഥയുടെ ചലച്ചിത്രരൂപത്തിലാണ് ഭാർഗവീനിലയം?
-നിലാവെളിച്ചം



# ശുഭം